FRIDAY 07.07.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–07/07/2023.

1. കാർഷികമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കൃഷിഭവന് കൃഷി വകുപ്പ് പുതുതായി പുരസ്കാരം ഏർപ്പെടുത്തിയതായി കൃഷി മന്ത്രി പി പ്രസാദ്. കാർഷികമേഖലയുടെ വികസനത്തിന് വേണ്ടി കൃഷിഭവനുകൾ രൂപീകരിച്ച മുൻ കൃഷി മന്ത്രി വി വി രാഘവന്റെ സ്മരണാർത്ഥം മികച്ച കൃഷിഭവന് വി. വി രാഘവൻ മെമ്മോറിയൽ അവാർഡാണ് ഏർപ്പെടുത്തിയത്. 5 ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് പുരസ്കാരമെന്ന് മന്ത്രി പറഞ്ഞു. വി. വി രാഘവൻ മെമ്മോറിയൽ അവാർഡിന് പുറമേ ഏറ്റവും മികച്ച ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കുള്ള മിത്രാനികേതൻ പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്, ഏറ്റവും മികച്ച കർഷകനുള്ള സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് എന്നിവയാണ് പുരസ്കാരങ്ങളിൽ വ്യക്തികളുടെ സ്മരണാർത്ഥം നൽകുന്നത്. കേരളത്തിൽ സ്ഥിരതാമസക്കാരായ പൗരന്മാരാണ് അവാർഡിന് അപേക്ഷ സമർപ്പിക്കേണ്ടത്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും മികച്ച കർഷകരെ അവാർഡിനായി നോമിനേറ്റ് ചെയ്യാൻ കഴിയും. കൃഷിയിടത്തിന്റെ ഫോട്ടോകൾ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച സി ഡി, മാധ്യമങ്ങളിൽ വന്ന വാർത്തകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടെ 2023 ജൂലൈ 7ന് മുൻപായി അടുത്തുള്ള കൃഷിഭവൻ മുഖാന്തരം അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറം ലഭിക്കുന്നതിനായും കൂടുതൽ വിവരങ്ങൾക്കായും www.karshikakeralam.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുകയോ ചെയ്യണം.

2. പെരുവമ്പ് ഗ്രാമപഞ്ചായത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ഇന്ന് (ജൂലൈ 7ന്) രാവിലെ 10.30 ന് നിർവഹിക്കുന്നു. കാർഷിക സേവനങ്ങൾ കാര്യക്ഷമവും സുതാര്യവുമായി കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സ്മാർട്ട് കൃഷിഭവൻ പദ്ധതിയും നടപ്പിലാക്കുന്നു. കർഷകർക്ക് മണ്ണ്, ചെടി എന്നിവ പരിശോധിക്കുന്നതിന് വിള ആരോഗ്യ ക്ലിനിക്ക്, കർഷകർക്ക് സ്മാർട്ട് കാർഡ്, അപേക്ഷകൾ നൽകാനും വിവരങ്ങൾ അറിയാനുമുള്ള ഫ്രണ്ട് ഓഫീസ്, ഇക്കോ ഷോപ്പ്, ബയോ ഫാർമസി, ഡിജിറ്റൽ ലൈബ്രറി സംവിധാനം തുടങ്ങിയ നിരവധി സേവനങ്ങൾ സ്മാർട്ട് കൃഷിഭവനിൽ ലഭ്യമാകും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ലിയു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു.

5. എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഇന്ന് പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008,0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം ഈ മാസം (ജൂലൈ 11,12) 11, 12 തീയതികളിൽ നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893159 എന്ന നമ്പരിലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർതാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

9. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിൽ വാണിജ്യ പുഷ്പകൃഷി, പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും, വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ, ശുദ്ധജല മൽസ്യ കൃഷി, നഴ്സറി പരിപാലനവും സസ്യ പ്രവർദ്ധന മാർഗങ്ങളും എന്നീ പ്രായോഗിക പരിശീലന പരിപാടികൾ 2023 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപെടുക.